## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1139

12..03..2015 -ൽ
മറുപടിയ്ക്ക്

# സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകൾ

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നിലവിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം നടത്തിയാൽ അതിവേഗം നിലവാരം താഴുന്നതായി കാണുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം നിലവാരം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം കുറയുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ കഴിഞ്ഞ മൂന്നു വർഷത്തെ ശരാശരി റിസൽട്ട് എത്ര ശതമാനമാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) കേരളത്തിലെ വിവിധ സർവ്വകലാശാല കൾക്കു കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജു കളുടെ കഴിഞ്ഞ മൂന്നു വർഷത്തെ ശരാശരി റിസൽട്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം - (എ) ആയി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (സി) കഴിഞ്ഞ മൂന്നു വർഷമായി പത്തു ശതമാനത്തിൽ താഴെ മാത്രം വിജയ ശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) മഹാത്മാ ഗാന്ധി, കൊച്ചിൻ, കോഴിക്കോട്, കണ്ണൂർ എന്നീ സർവ്വകലാശാലകളിൽ പത്തു ശതാമനത്തിൽ താഴെ മാത്രം വിജയമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും തന്നെ ഇല്ല. കേരള സർവ്വകലാശാല യുടെ കീഴിൽ പ്രവർത്തിക്കുന്ന 10 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജു കളിൽ ചില ബ്രാഞ്ചുകളിൽ മാത്രം പത്തു ശതമാനത്തിൽ താഴെ വിജയശതമാന മാണുള്ളത്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധം-(ബി) ആയി ചേർത്തിട്ടുണ്ട്. |
| (ഡി) നടപ്പ് അദ്ധ്യയന വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലകളിൽ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു ; | (ഡി) ഈ അദ്ധ്യയന വർഷം 11,448 സർക്കാർ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി പ്രവേശന പരീക്ഷാ കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) വിദ്യാഭ്യാസ നിലവാര താഴ്ച കൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നും സംസ്ഥാനത്തെ വിദ്യാർത്ഥികൾ പലരും മറ്റു സംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നു എന്നതും സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | (ഇ) കേരളത്തിലെ എഞ്ചിനീറിംഗ് വിദ്യാഭ്യാസത്തിന് നിലവാര താഴ്ച നേരിടുന്നതായും, അക്കാരണത്താൽ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടില്ല. എന്നാൽ ആവശ്യമായ ഓപ്ഷനുകൾ ലഭിക്കാതിരുന്നതാണ് ഇത്രയും സീറ്റുകൾ ഒഴിഞ്ഞു കിടക്കാൻ കാരണമായതെന്ന് പ്രവേശന പരീക്ഷാ കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (എഫ്) | നിലവിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു ; ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എഫ്) സംസ്ഥാനത്ത് നിലവിൽ 148 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ അനുമതി നൽകിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുക ളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം-(സി) ആയി ചേർത്തിട്ടുണ്ട്. |
| (ജി) | നാൽപതു ശതമാനം വിജയം എങ്കിലും ഇല്ലാത്ത കോളേജുകളുടെ അനുമതി റദ്ദാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | (ജി) കോളേജുകളുടെ അനുമതി റദ്ദാക്കുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

*സെക്ഷൻ ഓഫീസർ*

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്